## മധുരമായ കുട്ടികളെ – ഞാൻ വിദേഹിയായ അച്ഛൻ നിങ്ങൾ ദേഹധാരികളെ വിദേഹിയാക്കുന്നതിനുവേണ്ടി പഠിപ്പിക്കുകയാണ്, ഇത് പുതിയ കാര്യമാണ്, അത് കുട്ടികൾക്ക് മാത്രമേ മനസ്സിലാവുകയുള്ളു.

**ചോദ്യം–** ബാബക്ക് ഒരേ കാര്യം എന്തു കൊണ്ടാണ് വീണ്ടും വീണ്ടും മനസ്സിലാക്കിത്തരേണ്ടി വരുന്നത്?
**ഉത്തരം –** എന്തു കൊണ്ടെന്നാൽ കുട്ടികൾ ഇടയ്ക്കിടക്ക് മറന്നു പോവുകയാണ്. ചില കുട്ടികൾ പറയും – ബാബ ആ കാര്യം തന്നെ വീണ്ടും വീണ്ടും മനസ്സിലാക്കിത്തരുകയാണ്. ബാബ പറയുകയാണ്–കുട്ടികളെ, എനിക്ക് ആ കാര്യം തീർച്ചയായും കേൾപ്പിക്കേണ്ടി വരുന്നു, കാരണം നിങ്ങൾ മറന്നുപോകുന്നു. മായയുടെ കൊടുങ്കാറ്റ് നിങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്, അഥവാ ഞാൻ ദിവസവും ഓർമ്മിപ്പിക്കുന്നില്ലായെങ്കിൽ മായയുടെ കൊടുങ്കാറ്റിൽ നിങ്ങൾ തോറ്റുപോകും. ഇപ്പോൾ വരെ നിങ്ങൾ സതോപ്രധാനമായി മാറിയിട്ടുണ്ടോ? എപ്പോൾ നിങ്ങൾ ആയിമാറുന്നുവോ അപ്പോൾ കേൾപ്പിക്കുന്നത് നിർത്തും.

**ഓം ശാന്തി**. ഇതിനെ വിചിത്രമായ ആത്മീയ പഠിപ്പെന്നും പറയുന്നു. പുതിയ ലോകമായ സത്യയുഗത്തിലും ദേഹധാരികൾ തന്നെയാണ് പരസ്പരം പഠിപ്പിക്കുന്നത്. ജ്ഞാനം എല്ലാവരും പഠിപ്പിക്കുന്നു. ഇവിടെയും പഠിപ്പിക്കുന്നു. അവിടെ എല്ലാ ദേഹധാരികളും പരസ്പരം പഠിപ്പിക്കുന്നു, വിദേഹിയായ അച്ഛൻ അല്ലെങ്കിൽ ആത്മീയ അച്ഛൻ പഠിപ്പിക്കുന്നതായി ഒരിക്കലും ഉണ്ടാവില്ല. ശാസ്ത്രങ്ങളിലും കൃഷ്ണ ഭഗവാനുവാച എന്ന് എഴുതിയിട്ടുണ്ട്. അതും ഭൗതീകമാണ്. ഈ പുതിയ കാര്യം കേട്ട് ആശയക്കുഴപ്പത്തിലാവുന്നു. ആത്മീയ അച്ഛൻ നമ്മൾ ആത്മീയ കുട്ടികളെയാണ് പഠിപ്പിക്കുന്നത്, ഇത് നിങ്ങൾ കുട്ടികളിലും നമ്പർവൈസാണ് മനസ്സിലാക്കുന്നത്. ഇത് പുതിയ കാര്യമാണ്. ഈ ബ്രഹ്മാവിലൂടെയാണ് ഞാൻ നിങ്ങളെ പഠിപ്പിക്കുന്നത്, കേവലം ഈ സംഗമയുഗത്തിൽ മാത്രമാണ് ബാബ ഇക്കാര്യം പറയുന്നത്. ജ്ഞാന സാഗരനും ശാന്തിയുടെ സാഗരനും സർവ്വ ആത്മാക്കളുടെ പിതാവും ബാബ തന്നെയാണ്. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്, അല്ലാതെ ഒന്നും തന്നെ കാണാൻ സാധിക്കുകയില്ല. ആത്മാവുതന്നെയാണ് മുഖ്യമായിട്ടുള്ളത്, ആത്മാവ് അവിനാശിയാണ്. ശരീരം വിനാശിയാണ്. ഇപ്പോൾ ആ അവിനാശി ആത്മാവിരുന്നാണ് പഠിപ്പിക്കുന്നത്. സാകാരത്തിൽ ശരീരമാണ് ഇരിക്കുന്നത്, ഇത് നിങ്ങൾ കാണുന്നുമുണ്ട്. എന്നാൽ ഒരു ദേഹധാരിയല്ല ഈ ജ്ഞാനം നൽകുന്നതെന്ന കാര്യം നിങ്ങൾക്കറിയാം. ജ്ഞാനം നൽകുന്നത് വിദേഹിയായ ബാബയാണ്. എങ്ങനെയാണ് നൽകുന്നതെന്നും നിങ്ങൾക്കറിയാം. മനുഷ്യർ ഇത് വളരെ പ്രയാസമാണെന്ന് മനസ്സിലാക്കുന്നു. ഈ നിശ്ചയം ചെയ്യിപ്പിക്കുന്നതിനുവേണ്ടി നിങ്ങൾക്കെത്ര തലയിട്ടുടക്കേണ്ടി വരുന്നു. അവർ പറയുന്നു നിരാകാരന് പേര്, രൂപം, ദേശം, കാലം ഇല്ലെന്ന്. ആ അച്ഛൻ സ്വയം ഇരുന്ന് പഠിപ്പിക്കുകയാണ്. പറയുന്നു, ഞാൻ എല്ലാ ആത്മാക്കളുടെയും അച്ഛനാണ്, ആ എന്നെ നിങ്ങൾക്ക് കാണാൻ കഴിയുകയില്ല. മനസ്സിലാക്കൂ ബാബ വിദേഹിയാണ്, ജ്ഞാനം, ആനന്ദം, പ്രേമത്തിന്റെ സാഗരമാണ്. ആ ബാബ എങ്ങനെയാണ് പഠിപ്പിക്കുന്നത്. ബാബ സ്വയം മനസ്സിലാക്കി തരുകയാണ് – ഞാൻ എങ്ങനെയാണ് വരുന്നത്, ആരെയാണ് ആധാരമാക്കിയെടുക്കുന്നത്. ഞാൻ ഒരു ഗർഭത്തിലൂടെയും ജന്മമെടുക്കുന്നില്ല. ഞാൻ ഒരിക്കലും മനുഷ്യൻ അല്ലെങ്കിൽ ദേവത ആവുന്നില്ല. ദേവത ശരീരമെടുക്കുന്നു. ഞാൻ സദാ അശരീരിയായി തന്നെയാണിരിക്കുന്നത്. ഞാൻ ഒരിക്കലും പുനർജന്മത്തിൽ വരുന്നില്ല, എനിക്ക് ഡ്രാമയിൽ ഈ പാർട്ടാണുള്ളത്. അതുകൊണ്ട് ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. കാണാൻ കഴിയുകയേയില്ല. അവർ മനസ്സിലാക്കിയിരിക്കുന്നത് കൃഷ്ണഭഗവാനുവാച എന്നാണ്. ഭക്തിമാർഗ്ഗത്തിൽ രഥത്തെ എങ്ങനെയെല്ലാമാണ് ഉണ്ടാക്കിവെച്ചിരിക്കുന്നത്. ബാബ പറയുകയാണ് – കുട്ടികളെ, നിങ്ങൾ ആശയക്കുഴപ്പത്തിലാകുന്നില്ലല്ലോ. അഥവാ ഒന്നും മനസ്സിലാകുന്നില്ലായെങ്കിൽ ബാബയുടെ അടുത്ത് വന്ന് മനസ്സിലാക്കൂ. ചോദിച്ചില്ലായെങ്കിലും ബാബ എല്ലാം മനസ്സിലാക്കി തന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ഒന്നും ചോദിക്കേണ്ട ആവശ്യമില്ല. ഞാൻ ഈ പുരുഷോത്തമ സംഗമയുഗത്തിലാണ് അവതാരമെടുക്കുന്നത്. എന്റേത് അത്ഭുതകരമായ ജന്മമാണ്. നിങ്ങൾ കുട്ടികൾക്കും അത്ഭുതം തോന്നും, എത്ര വലിയതിലും വലിയ പരീക്ഷ വിജയിപ്പിക്കുന്നു. വളരെ വലുതിലും വലിയ വിശ്വത്തിന്റെ അധികാരിയാക്കുന്നതിനുവേണ്ടിയാണ് പഠിപ്പിക്കുന്നത്. അത്ഭുതകരമായ കാര്യമാണ്. അല്ലയോ ആത്മാക്കളെ, ഓരോ 5000 വർഷത്തിനുശേഷവും ഞാൻ നിങ്ങളുടെ സേവനത്തിനായി വരുന്നു. ആത്മാക്കളെ പഠിപ്പിക്കണമല്ലോ. കല്പ–കല്പം, കല്പത്തിന്റെ സംഗമയുഗത്തിൽ നിങ്ങളുടെ സേവനത്തിനായി വരുന്നു. അല്ലയോ ബാബ, അല്ലയോ പതീത പാവനാ വരൂ, എന്ന് അരകല്പമായി നിങ്ങളെന്നെ വിളിച്ചുവരികയാണ്. കൃഷ്ണനെ പതീതപാവനൻ എന്നൊരിക്കലും പറയുകയില്ല. പതീതപാവനൻ എന്ന് പരംപിതാ പരമാത്മാവിനെയാണ് പറയുന്നത്. അതുകൊണ്ട് പതീതരെ

പാവനമാക്കുന്നതിനുവേണ്ടി ബാബക്ക് വരേണ്ടിയും വരുന്നു, അതുകൊണ്ടാണ് പറയുന്നത് – അകാല മൂർത്ത് – സത്യമായ ബാബ, അകാല മൂർത്ത് – സത്യമായ ടീച്ചർ, അകാല മൂർത്ത് – സത്യമായ ഗുരു. സിക്ക്കാരുടെ വളരെ നല്ല സ്ലോഗനാണ്. പക്ഷേ അകാല മൂർത്തിയായ സദ്ഗുരു എപ്പോഴാണ് വരുന്നതെന്ന് അവർക്കറിയില്ല. ഇങ്ങനെ പാടാറുണ്ട് യുദ്ധമില്ലാതെ തന്നെ മനുഷ്യനിൽ നിന്നും ദേവതയാക്കി. എപ്പോഴാണ് വന്ന് മനുഷ്യനെ ദേവതയാക്കി മാറ്റുന്നത്. സർവ്വരുടെയും സദ്ഗതി ചെയ്യുന്ന ആൾ ഒരേയൊരു ബാബയാണെന്ന് പക്കാ നിശ്ചയം ഉണ്ടാവണം, ബാബ വന്ന് എന്താണ് പറയുന്നത്. കേവലം പറയുന്നു മന്മനാ ഭവ. ആരും അതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. ഈ ദേഹത്തിലൂടെ അകാല മൂർത്തിയായ സദ്ഗുരു നിങ്ങൾക്ക് മനസ്സിലാക്കി തരുകയാണ് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ, അതുകൊണ്ട് ഇത് മനസ്സിലാക്കണം. നിങ്ങൾ കുട്ടികളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നതിനുവേണ്ടി ബാബക്ക് വരേണ്ടി വന്നു. മനസ്സിലാക്കിതരുകയാണ് – അല്ലയോ ആത്മീയ കുട്ടികളെ, നിങ്ങൾ സതോ പ്രധാനമായിരുന്നു, പിന്നീട് തമോ പ്രധാനമായി മാറി. ഈ സൃഷ്ടി ചക്രം കറങ്ങുകയാണല്ലോ. ദേവതകളുടെ ലോകം പാവനമായിരുന്നു. അതെല്ലാം എവിടെ പോയി. ഇത് ആർക്കുംതന്നെ അറിയില്ല. ആശയക്കുഴപ്പ ത്തിലാണ്. ബാബ വന്ന് നിങ്ങളെ വിവേകശാലിയാക്കി മാറ്റുന്നു. കുട്ടികളെ, ഞാൻ ഒരു പ്രാവശ്യം മാത്രമാണ് വരുന്നത്, പാവനലോകത്തിൽ ഞാൻ വരുന്നില്ല. അവിടെ കാലന് വരാൻ കഴിയില്ല. ബാബ കാലന്റെയും കാലനാണ്. സത്യയുഗത്തിൽ വരേണ്ട കാര്യം തന്നെയില്ല. അവിടെ കാലൻ വരാത്തതുകൊണ്ട് മഹാകാലനും വരുന്നില്ല. ഇവിടെ വന്ന് എല്ലാ ആത്മാക്കളെയും കൊണ്ടു പോകുന്നു. സന്തോഷത്തോടുകൂടി പോകണമല്ലോ. അതെ ബാബ, ഞങ്ങൾ സന്തോഷത്തോടു കൂടി പോകാൻ തയ്യാറാണ്. അതുകൊണ്ടാണ് ഞങ്ങൾ അങ്ങയെ വിളിച്ചിരുന്നത് ശാന്തി ധാമം വഴി ഈ പതീത ലോകത്തു നിന്നും പാവനലോകത്തിലേക്ക് കൂട്ടികൊണ്ടുപോകുന്നതിന്. ഈ കാര്യങ്ങൾ ഇടക്കിടയ്ക്ക് മറന്നു പോകരുത്. നിങ്ങളെ ഇടയ്ക്കിടയ്ക്ക് മറപ്പിക്കാൻ മായയാകുന്ന ശത്രു നിൽക്കുന്നുണ്ട്. ഞാൻ മാസ്റ്റർ സർവ്വ ശക്തിവാനാണ് അതു പോലെ മായയും ശക്തിവാനാണ്. മായയാണ് അര കല്പം നിങ്ങളുടെ രാജ്യം ഭരിച്ചത്, നിങ്ങളെ കൊണ്ട് തെറ്റ് ചെയ്യിപ്പിച്ചത്. അതിനാൽ ദിവസവും ബാബക്ക് മനസ്സിലാക്കി തരേണ്ടി വരുന്നു. ദിവസവും ഉണർന്നില്ലെങ്കിൽ മായ ബുദ്ധിമുട്ടിക്കും. ഇത് പവിത്രതയുടെയും അപവിത്രതയുടെയും കളിയാണ്. ഇപ്പോൾ ബാബ പറയുകയാണ് തന്റെ പെരുമാറ്റത്തെ നല്ലതാക്കുന്നതിനുവേണ്ടി പവിത്രമായി മാറൂ. കാമവികാരത്തിനുവേണ്ടി എത്ര വഴക്കാണ് നടന്നു കൊണ്ടിരിക്കുന്നത്.

ബാബ പറയുകയാണ് – ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനത്തിന്റെ നേത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആത്മാവിനെ മാത്രം കാണൂ. ഈ ഭൗതീകനേത്രം ഉപയോഗിച്ച് കാണരുത്. നമ്മളെല്ലാ ആത്മാക്കളും സഹോദര സഹോദരങ്ങളാണ്. സഹോദരങ്ങളെങ്ങനെ വികാരത്തിലേക്ക് പോകും. നമ്മൾ അശരീരിയായാണ് വന്നിരുന്നത് വീണ്ടും അശരീരിയായി തന്നെ പോകണം. സതോപ്രധാനമായി വന്ന ആത്മാവിന് സതോപ്രധാനമായി മാറി തിരിച്ച് പോകണം. പവിത്രതയുടെ കാര്യമാണ് മുഖ്യമായിട്ടുള്ളത്. മനുഷ്യർ പറയാറുണ്ട് ദിവസവും അതേ കാര്യം തന്നെയാണ് മനസ്സിലാക്കി തരുന്നത്. അത് ശരി തന്നെയാണ്.പക്ഷെ എന്താണോ മനസ്സിലാക്കി തരുന്നത് അതനുസരിച്ച് നടക്കണമല്ലോ .ചെയ്യുന്നതിനുവേണ്ടിയാണ് മനസ്സിലാക്കി തരുന്നത്.പക്ഷേ നടക്കാത്തതുകാരണമാണ് ദിവസവും മനസ്സിലാക്കി തരേണ്ടിവരുന്നത്. ഇങ്ങനെ ഒരാളും പറയാറില്ല–ബാബാ അങ്ങ് എന്താണോ മനസ്സിലാക്കി തന്നത് അത് ഞങ്ങൾ നല്ല രീതിയിൽ മനസ്സിലാക്കി. ഇപ്പോൾ ഞങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായിമാറും, അങ്ങ് വിടൂ. ഇങ്ങനെ പറയാറുണ്ടോ? അതിനാൽ ദിവസവും ബാബയ്ക്ക് മനസ്സിലാക്കിതരേണ്ടിവരുന്നു. കാര്യം ഒന്നുമാത്രമേയുള്ളു പക്ഷെ ചെയ്യുന്നില്ലല്ലോ? ബാബയെ ഓർമ്മിക്കുന്നേയില്ല. ബാബ, ഇടയ്ക്കിടയ്ക്ക് മറന്നു പോകുന്നു എന്നാണ് പറയാറുള്ളത്. ബാബ ഓർമ്മ ഉണർത്തുന്നതിനുവേണ്ടിയാണ് ഇടയ്ക്കിടയിക്ക് പറയുന്നത്. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി പരമാത്മാവിനെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ പാപം ഇല്ലാതാകും മറ്റൊരു ഉപായവുമില്ല. ഇത് നിങ്ങൾ ഒന്നോ രണ്ടോ പേർക്ക് മനസ്സിലാക്കി കൊടുക്കൂ – സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി പരമാത്മാവിനെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ പാപം ഇല്ലാതാകും, വേറൊരു ഉപായവുമില്ല. ആദ്യവും അവസാനവും ഈ കാര്യം തന്നെയാണ് പറയുന്നത്. ഓർമ്മയിലൂടെ മാത്രമേ സതോപ്രധാനമാവുകയുള്ളു. സ്വയം എഴുതാറുണ്ട് – ബാബാ, മായയുടെ കൊടുങ്കാറ്റ് മറപ്പിക്കുകയാണ്. ബാബ മുന്നറിയിപ്പ് തരാതെ വിടാമോ? നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ചാണെന്ന് ബാബക്കറിയാം. എപ്പോൾ വരെക്കും സതോപ്രധാനമാവുന്നില്ലയോ, അതു വരെക്കും പോകാൻ സാധിക്കില്ല. യുദ്ധവുമായും ബന്ധമുണ്ടല്ലോ. എപ്പോൾവരെ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് സതോപ്രധാനമാവുന്നില്ലയോ അതു വരെ യുദ്ധം നടക്കുക തന്നെ ചെയ്യും. ജ്ഞാനം ഒരു സെക്കന്റിന്റെയാണ്. പരിധിയില്ലാത്ത അച്ഛനെ നേടി, എപ്പോഴാണോ പവിത്രമായി മാറുന്നത് അപ്പോൾ മാത്രമേ പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സുഖം ലഭിക്കുകയുള്ളു. നല്ല

രീതിയിൽ പുരുഷാർത്ഥം ചെയ്യണം. ചിലർ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ഓർമ്മിക്കാനുള്ള ബുദ്ധിപോലും വരുന്നില്ല. ഇടയ്ക്ക് ഈ പഠിപ്പും പഠിക്കുന്നില്ല. മുഴുവൻ ചക്രത്തിലും നിരാകാരനയ ബാബയിൽ നിന്നും ചിലർ പഠിക്കുന്നില്ല. ഇത് പുതിയ കാര്യമാണല്ലോ. ബാബ പറയുകയാണ് ഞാനാണെങ്കിൽ ഓരോ 5000 വർഷത്തിലും വരുന്നു-നിങ്ങളെ സതോപ്രധാമാക്കുന്നതിന്. എപ്പോൾ വരെ സതോപ്രധാനമാവുന്നില്ലയോ, അതുവരെ ഈ പദവി നേടാൻ സാധിക്കില്ല. ഏതുപോലെ പഠിപ്പിൽ തോറ്റുപോകുന്നുവോ അതുപോലെ ഇതിലും തോറ്റു പോകുന്നു. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ എന്താണുണ്ടാവുക, ഒന്നുംതന്നെ മനസ്സിലാക്കുന്നില്ല. തീർച്ചയായും അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കണം. ബാബ ഒരേ ഒരു പ്രാവശ്യമാണ് മനസ്സിലാക്കിതരുന്നത് ഇതിലൂടെ നിങ്ങൾ ദേവതയായിത്തീരുന്നു ദേവതയായിത്തീരും ബാക്കി എല്ലാവരും നമ്പർവാർ പാർട്ട് അഭിനയിക്കുന്നതിന് വരുന്നു. ഇത്രയധികം കാര്യങ്ങൾ വൃദ്ധകൾക്ക് മനസ്സിലാവുകയില്ല. അതുകൊണ്ട് ബാബ പറയുന്നതിതാണ് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ശിവബാബ തന്നെയാണ് സർവ്വ ആത്മാക്കളുടേയും പിതാവ്. ഓരോരുത്തർക്കും അവരവരുടെതായ ശരീരത്തിന്റെ അച്ഛനാണുള്ളത്. ശിവബാബ നിരാകാരനാണ്, ശിവബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് പവിത്രമായിമാറി ശരീരമുപേക്ഷിക്കുകയാണെങ്കിൽ ബാബയുടെ അടുത്ത് എത്തിച്ചേരും. ശിവബാബ വളരെ നല്ലരീതിയിൽ മനസ്സിലാക്കി തരുന്നുണ്ട് പക്ഷേ ഓരോരുത്തരും ഏകരസമായല്ല മനസ്സിലാക്കുന്നത്. മായ മറപ്പിക്കുകയാണ്. ഇതിനെ യുദ്ധം എന്നു പറയുന്നു. ബാബ എത്ര നല്ലരീതിയിലാണ് മനസ്സിലാക്കി തരുന്നത്.എത്രയധികം കാര്യങ്ങളാണ് ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നത്. പ്രധാനമായി സംഭവിച്ച തെറ്റ് എന്താണോ അതിന്റെ ലിസ്റ്റ് ഉണ്ടാക്കൂ. ഒന്നാമത്തേത് ബാബ സർവ്വവ്യാപിയാണ് എന്നത്. ഞാൻ സർവ്വവ്യാപിയല്ല എന്നതാണ് ഈശ്വരന്റെ മഹാവാക്യം . അഞ്ചു വികാരങ്ങളാണ് സർവ്വ വ്യാപി . ഇത് വളരെ വലിയ തെറ്റാണ്. ഗീതയുടെ ഭഗവാൻ പരംപിതാപരമാത്മാ ശിവനാണ് കൃഷ്ണനല്ല. ഈ തെറ്റുകൾ തിരുത്തുകയാണെങ്കിൽ ദേവതയായിമാറാം. ഈ തെറ്റുകൾ കാരണമാണ് ഭാരതം പാവനത്തിൽ നിന്നും പതീതമായി മാറിയത് എന്ന് ഞങ്ങൾ മനസ്സിലാക്കി കൊടുത്തുവെന്നത് ഒരുകുട്ടിപോലും ബാബയ്ക്ക് എഴുതാറില്ല. അതും പറയേണ്ടിവരും ഭഗവാൻ എങ്ങനെ സർവ്വവ്യാപിയാകും .പരമമായ അച്ഛനും ടീച്ചറും സദ്ഗുരുവുമായ ഭഗവാൻ ഒന്നു മാത്രമേയുള്ളൂ. പരമമായ അച്ഛൻ ടീച്ചർ സദ്ഗുരു എന്ന് ഒരു ദേഹധാരിയേയും പറയാൻ സാധിക്കില്ല. മുഴുവൻ സൃഷ്ടിയിലേയും ഏറ്റവും ഉയർന്നത് കൃഷ്ണനാണ്. സൃഷ്ടി സതോപ്രധാനമാകുന്ന സമയത്ത് കൃഷ്ണൻ വരുന്നു. പിന്നീട് സതോയിൽ രാമൻ, ബാക്കി എല്ലാവരും നമ്പർവാർ അനുസരിച്ച് അവരുടെ സമയത്തു വരുന്നു. ശാസ്ത്രങ്ങളിലും കാണിക്കുന്നുണ്ട്. എല്ലാവരുടേയും വികാരങ്ങൾ എടുത്ത് കഴുത്ത് തന്നെ കറുത്തുപോയി, എന്നാൽ ഇപ്പോൾ മനസ്സിലാക്കി കൊടുത്ത് കൊടുത്ത് തൊണ്ട തന്നെ വരണ്ടുപോയി. കാര്യം നിസാരമാണ് പക്ഷെ മായ ശക്തിശാലിയാണ്. ഞാൻ ഇതുപോലെ സതോപ്രധാന ഗുണവാനായി മാറിയോ എന്ന് ഓരോരുത്തരും തന്റെ ഹൃദയത്തോട് ചോദിക്കൂ.

എത്ര തലയിട്ടുടച്ചാലും വിനാശമുണ്ടാവാത്തിടത്തോളം നിങ്ങൾക്ക് കർമ്മാതീത അവസ്ഥ പ്രാപ്തമാക്കാൻ സാധിക്കില്ല. വേറെ ഒന്നും ചെയ്യാതെ സദാ ശിവബാബയെ മാത്രം ഓർമ്മിച്ചുകൊണ്ടിരിക്കൂ. വിനാശത്തിനു മുമ്പേ കർമ്മാതീതമായി മാറികാണിക്കും, ഇങ്ങനെ ഒരാളും ഉണ്ടായിട്ടില്ല എന്നത് ഡ്രാമയിൽ അടങ്ങിയിട്ടുള്ള കാര്യമാണ്. ആദ്യ നമ്പറിൽ പോകുന്നത് ഒരാൾ മാത്രമാണ്. എത്ര തലയിട്ടുടക്കണമെന്നതും പറയുന്നുണ്ട്. മായ ഒന്നുകൂടി ശക്തിയോടെ വരുന്നു. ബ്രഹ്മാബാബ സ്വയം പറയുകയാണ് എന്റെ നാവിൽ ശിവബാബ ഇരിക്കുന്നുണ്ടെങ്കിലും ഓർമ്മിക്കാൻ സാധിക്കുന്നില്ല, ഇടയ്ക്ക് മറന്നു പോവുകയാണ്. എന്റെ കൂടെ ബാബ ഉണ്ടെന്ന് മനസ്സിലാവും. പിന്നീട് എങ്ങനെയാണോ നിങ്ങൾ ഓർമ്മിക്കുന്നത് അതു പോലെ എനിക്കും ഓർമ്മിക്കേണ്ടി വരുന്നു. ഞാൻ കൂടെയാണ്, എന്നതിൽ ഞാൻ സന്തോഷിക്കുന്നു എന്നല്ല. നിരന്തരം ഓർമ്മിക്കൂ എന്ന് എന്നോടും പറയുന്നുണ്ട്. കൂടെയിരിക്കുന്ന നിങ്ങൾ ശക്തിശാലികളാണ്, നിങ്ങൾക്ക് ഒന്നുകൂടി കൂടുതൽ കൊടുങ്കാറ്റ് വരും. ഇല്ലായെങ്കിൽ കുട്ടികൾക്കെങ്ങിനെ മനസ്സിലാക്കികൊടുക്കാൻ കഴിയും. ഈ കൊടുങ്കാറ്റെല്ലാം നിങ്ങളുടെ അടുത്തേക്കും വരും. ഇത്രയും അടുത്തിരിക്കുന്ന എനിക്ക് പോലും കർമ്മാതീത അവസ്ഥ പ്രാപ്തമാക്കാൻ സാധിക്കുന്നില്ല വേറെ ആർക്കാണ് സാധിക്കുക. ലക്ഷ്യം വളരെ ഉയർന്നതാണ്. ഡ്രാമയനുസരിച്ച് എല്ലാവർക്കും പുരുഷാർത്ഥം ചെയ്യണം. ബാബാ, ഞങ്ങൾ അങ്ങേക്ക് മുമ്പേ കർമ്മാതീത അവസ്ഥ നേടി കാണിക്കും എന്ന് ചിലർ പരിശ്രമിച്ചു കാണിക്കാറുണ്ട്. അങ്ങനെ ആർക്കും കഴിയില്ല. ഈ ഡ്രാമ ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്.

നിങ്ങൾക്ക് വളരെയധികം പുരുഷാർത്ഥം ചെയ്യണം. സ്വഭാവമാണ് പ്രധാനം. ദേവതകളുടെയും പതീത മനുഷ്യരുടെയും സ്വഭാവത്തിൽ വളരെ അന്തരമുണ്ട്. നിങ്ങളെ വികാരിയിൽ നിന്നും നിർവികാരിയാക്കി മാറ്റുന്നത് ശിവബാബയാണ്. അതുകൊണ്ടിപ്പോൾ പുരുഷാർത്ഥം ചെയ്ത് ബാബയെ ഓർമ്മിക്കണം. മറക്കരുത്. പാവം അബലകൾ പരവശരാണ്, രാവണന്റെ കൈവശമായതു കാരണം എന്തു ചെയ്യാൻ

സാധിക്കും? നിങ്ങൾ രാമന്റെ കൂടെയാണ്. അവർ രാവണന്റെ കൂടെയും. അപ്പോൾ യുദ്ധം നടക്കും. അല്ലാതെ രാമനും രാവണനും യുദ്ധം ചെയ്തിട്ടില്ല. ദിവസവും ഭിന്ന-ഭിന്നരീതിയിൽ ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നുണ്ട് - മധുര മധുരമായ കുട്ടികളെ, സ്വയത്തെ പരിവർത്തനപ്പെടുത്തിക്കൊണ്ടിരിക്കൂ. മുഴുവൻ ദിവസവും ഏതെങ്കിലും ആസുരീയരീതിയില്ലല്ലോ പെരുമാറിയിരുന്നത് എന്നതിന്റെ കണക്ക് ദിവസവും രാത്രിയിൽ നോക്കൂ. പൂന്തോട്ടത്തിൽ പൂക്കളെപ്പോഴും നമ്പർ വാർ ആയിരിക്കും. പരസ്പരം ഒരുപോലെ ആയിരിക്കുകയില്ല. എല്ലാവർക്കും തന്റേതായ പാർട്ട് ലഭിച്ചിട്ടുണ്ട്. ഓരോ അഭിനേതാക്കളും പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുന്നു. ബാബയും വന്ന് സ്ഥാപന ചെയ്തുപോകുന്നു. ഓരോ 5000 വർഷങ്ങൾക്ക് ശേഷവും വിശ്വത്തിന്റെ അധികാരിയാക്കിമാറ്റുന്നു. പരിധിയില്ലാത്ത അച്ഛനാണെങ്കിൽ തീർച്ചയായും പുതിയ ലോകത്തിന്റെ സമ്പത്ത് തരും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രത്തിലൂടെ ആത്മാവിനെ മാത്രം നോക്കണം. ഭൗതീക നേത്രത്തിലൂടെ നോക്കരുത്. അശരീരിയാകുന്നതിന്റെ അഭ്യാസം ചെയ്യണം.

2. ബാബയുടെ ഓർമ്മയിലൂടെ തന്റെ സ്വഭാവത്തെ ദൈവീകമാക്കണം. ഞാൻ എത്രത്തോളം ഗുണവാനായിമാറി എന്നത് തന്റെ ഹൃദയത്തോടു ചോദിക്കണം. ഞാൻ മുഴുവൻ ദിവസവും ആസുരീയ പെരുമാറ്റത്തിലൂടെ നടന്നില്ലല്ലോ?

## വരദാനം:-സദാ കെയർഫുള്ളായിരുന്ന് മായയുടെ റോയൽ രൂപത്തിന്റെ ഛായയിൽ നിന്ന് സുരക്ഷിതരായിരിക്കുന്ന മായാപ്രൂഫായി ഭവിക്കട്ടെ.

വർത്തമാന സമയത്ത് മായ യഥാർത്ഥ വിവേകത്തെ, തിരിച്ചറിയാനുള്ള ശക്തിയെ അപ്രത്യക്ഷമാക്കി തെറ്റിനെ ശരിയെന്ന അനുഭവം ചെയ്യിപ്പിക്കുന്നു. ഏതെങ്കിലും മാന്ത്രിക വിദ്യ പ്രയോഗിച്ചാൽ പരവശരാകുന്നത് പോലെ റോയലായ മായ യഥാർത്ഥമായത് മനസ്സിലാക്കാൻ അനുവദിക്കുകയില്ല, അതിനാൽ ബാപ്ദാദ അറ്റൻഷന് ഡബിൾ അണ്ടർലൈൻ ചെയ്യിപ്പിക്കുകയാണ്. അത്രയും കെയർഫുള്ളായിരിക്കൂ മായയുടെ ഛായയിൽ നിന്ന് സുരക്ഷിതരായിരുന്ന് മായാപ്രൂഫായിരിക്കണം. വിശേഷിച്ച് മനോ-ബുദ്ധിയെ ബാബയുടെ കുടത്തണലിന്റെ ആശ്രയത്തിൽ കൊണ്ടുവരൂ.

## സ്ലോഗൻ:- ആര് സഹജയോഗിയാണോ അവരെ കണ്ട് മറ്റുള്ളവരുടെയും യോഗം സഹജമായി മാറുന്നു.